# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2945

07.12.2018-ലെ മറുപടി

### കേരള ജല അതോറിറ്റിയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിയിൽ ഡിപ്പാർട്ട്മെന്റ് തല സ്ഥാനക്കയറ്റ സമിതി (ഡി.പി.സി.) യുടെ യോഗം ഈ വർഷം ചേരാൻ വൈകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടുത്ത വർഷത്തെ കൃത്യസമയത്ത് കൂടുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | (എ) | ഉണ്ട്. അപ്രതീക്ഷിതമായ ഒഴിവുകൾ വന്നതിനാൽ Ad-hoc DPC കൂടുന്നതിന് ചെറിയ കാലതാമസം നേരിട്ടു. അടുത്ത വർഷത്തെ DPC കൃത്യസമയത്ത് കൂടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര എ.ഇ., എ.എക്സ്.ഇ., ഇ.ഇ., ഡി.സി.ഇ., സി.ഇ. തുടങ്ങിയ എത്ര തസ്തികകൾ ഉണ്ട്;ഇതിൽ എത്ര ഒഴിവുകൾ ഉണ്ട്; ഒഴിവുകളിലേയ്ക്ക് പി.എസ്.സിയിൽ നിന്നും നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ എ.ഇ., എ,എക്സ്.ഇ., ഇ.ഇ., എസ്.ഇ., സി.ഇ., തുടങ്ങിയ തസ്തികകളുടെ അംഗബലം (sanctioned strength),4 ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു. |

| | തസ്തിക | അംഗബലം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | അസിസ്റ്റന്റ് എഞ്ചിനീയർ | 404 | 11 |
| 2. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 232 | 08 |
| 3. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 73 | 01 |
| 4. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ സൂപ്രണ്ടിങ് എഞ്ചിനീയർ | 28 | 00 |
| | ചീഫ് എഞ്ചിനീയർ | 06 | 00 |

ടി തസ്തികകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ മാത്രമാണ് പി.എസ്.സി.വഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | നിയമനം നടത്തുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നിയമന നടപടികൾക്കായി പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ തസ്തികകളിൽ നിശ്ചിത യോഗ്യത ഉള്ളവർ ഇല്ലാത്തതിനാൽ നിയമനം നടത്താൻ പറ്റാത്ത സാഹചര്യം ഉണ്ടോ; | (സി) | ഉണ്ട് |
| (ഡി) | കേരള ജല അതോറിറ്റിയിലെ എത്ര ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലുണ്ട്; കേരള ജല അതോറിറ്റിക്ക് മറ്റ് സ്ഥലങ്ങളിൽ എത്ര ഡെപ്യൂട്ടേഷൻ തസ്തികകൾ ഉണ്ട്; സി.ടി.ഇ. യായി കേരള ജല അതോറിറ്റിയിൽ ആരെങ്കിലും ഡെപ്യൂട്ടേഷൻ വഴി ഈ വർഷം നിയമനം ആയിട്ടുണ്ടോ; സി.ടി.ഇ.യിലേയ്ക്ക് ആരെങ്കിലും ഡെപ്യൂട്ടേഷൻ വഴി നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | കേരള ജല അതോറിറ്റിയിൽ 5 ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലുണ്ട്. കേരള ജല അതോറിറ്റിയ്ക്ക് മറ്റ് സ്ഥലങ്ങളിൽ ഡെപ്യൂട്ടേഷൻ തസ്തികകൾ ഇല്ല. സി.റ്റി.ഇ ആയി കേരള ജല അതോറിറ്റിയിൽ ആരും തന്നെ ഡെപ്യൂട്ടേഷൻ വഴി ഈ വർഷം നിയമനം നേടിയിട്ടില്ല.സി.റ്റി.ഇ-ലേക്ക് ഒരു ഉദ്യോഗസ്ഥൻ ഡെപ്യൂട്ടേഷൻ വഴി നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ.കൃഷ്ണ കുമാർ.വി. എസ്. എന്ന ഉദ്യോഗസ്ഥനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (ഇ) | ഡെപ്യൂട്ടേഷൻ ഒഴിവും കൂടി പരിഗണിച്ച് പ്രെമോഷൻ നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഡെപ്യൂട്ടേഷൻ ഒഴിവുകൾ കൂടി പരിഗണിച്ചാണ് പ്രൊമോഷൻ നൽകി വരുന്നത്. |
| (എഫ്) | ഡിപ്ലോമ ക്വാട്ട ഒഴിവ് നികത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അവ ഡിഗ്രി ക്വാട്ടയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഡിപ്ലോമ ക്വാട്ടയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിക്കുവാൻ യോഗ്യത നേടിയ സീനിയർ ആയ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതിനാൽ ഒഴിവുകൾ നികത്തുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ഇപ്പോൾ ഡിഗ്രി ക്വാട്ടയിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**